# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5886** **7/07/2014**-ൽ മറുപടിക്ക്

ശ്രീചിത്രാ ആർട്ട് ഗ്യാലറിയിലെ ചിത്രങ്ങൾ നശിക്കുന്നത് സംബന്ധിച്ച്

ചോദ്യം | ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ : ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ലോകപ്രശസ്ത ചിത്രകാരൻ രാജാരവിവർമ്മയുടെ അപൂർവ്വ ചിത്രശേഖരമുള്ള ശ്രീചിത്രാ ആർട്ട് ഗ്യാലറി മഴയത്ത് ചോർച്ചമൂലം കേടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ; | (എ) ആന്റ് (ബി) | ലോകപ്രശസ്ത ചിത്രകാരനായ ശ്രീ. രാജാരവിവർമ്മയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന ആർട്ട് ഗ്യാലറി കെട്ടിടം നൂറിലേറെ വർഷം പഴക്കമുള്ളതാണ്. പ്രസ്തുത ഗ്യാലറിക്ക് വേണ്ടിവരുന്ന അറ്റകുറ്റ പണികൾ സമയാസമയങ്ങളിൽ ആർക്കിയോളജി വകുപ്പ് മുഖേന ചെയ്തു വരുന്നു. ഗ്യാലറിയുടെ നവീകരണ പ്രവർത്തികൾ 2012 മുതൽ ആർക്കിയോളജി വകുപ്പ് ആരംഭിച്ച് കഴിഞ്ഞു ആയത് ഇപ്പോൾ തുടർന്ന് വരികയാണ്. കാലപ്പഴക്കം കൊണ്ട് ചെറിയ തരത്തിൽ ചോർച്ചകളും മറ്റും അനുഭവപ്പെടുന്നുണ്ടെങ്കിലും ചിത്രങ്ങൾക്കൊന്നും യാതൊരു കേടും ഉണ്ടാകാതെ സംരക്ഷിച്ച് വരുന്നു. ചിത്രങ്ങൾ ഒന്നും നശിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ കൈകൊണ്ടിട്ടുണ്ട്. |
| (ബി) | നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയ മന്ദിരത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയാകാത്തതാണ് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അടിയന്തിരമായി ഇത് പരിഹരിക്കാൻ സാംസ്കാരിക വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുത ഗ്യാലറിയിൽ രവിവർമ്മയുടെ എത്ര അസ്സൽ ചിത്രങ്ങളാണ് സൂക്ഷിച്ചിട്ടുള്ളത്; ഏതൊക്കെ പ്രശസ്തരുടെ അമൂല്യചിത്രങ്ങൾ ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. | (സി) | പ്രസ്തുത ഗ്യാലറിയിൽ രാജാരവിവർമ്മയുടെ അൻപത്തിയഞ്ച് ചിത്രങ്ങളാണ് സൂക്ഷിച്ചിട്ടുള്ളത്. രാജാരവിവർമ്മ, നിക്കോളാസ് റോറിച്ച്, സെറ്റസ്ലോവ് റോറിച്ച്, സി. രാജരാജവർമ്മ, രവീന്ദ്രനാഥ ടാഗോർ, അബനീന്ദ്രനാഥ ടാഗോർ, നന്ദലാൽ ബോസ്, മാധവമേനോൻ, |

| | | | |
|---|---|---|---|
| | | | പ്രമോദ് കുമാർ ചാറ്റർജി, ജാമിനി റോയ്, യൂസഫ് അറയ്ക്കൽ തുടങ്ങിയ ചിത്രകാരന്മാരുടെ അമൂല്യചിത്രങ്ങൾ ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ഡി) | രവിവർമ്മയുടെ ഏതൊക്കെ ചിത്രങ്ങളാണ് മഴയത്ത് നനഞ്ഞുകേടായത് ; | (ഡി) | രാജാരവിവർമ്മ ചിത്രങ്ങൾ ഒന്നും തന്നെ മഴക്കാലത്ത് നനഞ്ഞുപോയിട്ടില്ല. മാത്രമല്ല രാജാരവിവർമ്മ ചിത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഗ്യാലറിക്ക് ചോർച്ച അനുഭവപ്പെടുന്നുമില്ല. |
| (ഇ) | കിളിമാനൂർ കൊട്ടാരത്തിൽ നിന്നും പ്രസ്തുത ഗ്യാലറിക്ക് കൈമാറിയ എത്ര ചിത്രങ്ങൾ കാണാതായിട്ടുണ്ട് ; ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് എന്നാണ് കേസ് രജിസ്റ്റർ ചെയ്തത്; കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിവരങ്ങൾ നാളിതുവരെ പോലീസ് സാംസ്കാരിക വകുപ്പിന് കൈമാറിയോ; വിശദാംശം വ്യക്തമാക്കുമോ ; | (ഇ) | കിളിമാനൂർ കൊട്ടാരത്തിൽ നിന്നും ആർട്ട് ഗ്യാലറിയിലേക്ക് കൈമാറിയ ചിത്രങ്ങൾ ഒന്നും തന്നെ ഗ്യാലറിയിൽ നിന്നും കാണാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | അമൂല്യമായതും അപൂർവ്വ ചിത്രശേഖരമുള്ളതുമായ ശ്രീചിത്രാ ആർട്ട് ഗ്യാലറിയ്ക്കായി അത്യാധുനിക സൗകര്യമുമുള്ള ഒരു പുതിയ മന്ദിരം പണിയാൻ സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (എഫ്) | ശ്രീചിത്രാ ആർട്ട് ഗ്യാലറിയ്ക്കായി പുതിയ മന്ദിരം പണിയുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ നിലവിലില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Saradadevi

സെക്ഷൻ ഓഫീസർ